# നിർധന വനിതകൾക്കായി നിയമവേദിയുമായി വിശ്വാസ്

## വിശ്വാസിന്റെ എട്ടാം വാർഷികാഘോഷം നാളെ

പാലക്കാട് • കുറ്റകൃത്യങ്ങളിലെ ഇരകളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന സംഘടനയായ വിശ്വാസിന്റെ എട്ടാം വാർഷികാഘോഷ പരിപാടി നാളെ വൈകിട്ട് 4നു ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് കെ. ബിനുമോൾ ഉദ്ഘാടനം ചെയ്യും.

കലക്ടറേറ്റ് കോൺഫറൻസ് ഹാളിൽ നടക്കുന്ന പരിപാടിയിൽ ജില്ലാ കലക്ടർ ഡി. ബാലമുരളി അധ്യക്ഷനാകും. മുൻ ജില്ലാ ജഡ്ജി ടി. ഇന്ദിര ക്ലാസെടുക്കും. നിർധന വനിതകളുടെ നിയമപ്രശ്നങ്ങൾ കൈകാര്യം ചെയ്യാനുള്ള വിശ്വാസ് നിയമവേദിയുടെ ഉദ്ഘാടനവും പാലക്കാട്ടെ പ്രോസിക്യൂട്ടർമാരുമായി സഹകരിച്ച് വേലായുധൻ നമ്പ്യാർ സ്മാരക ഇന്റർ ലോ കൊളജിയറ്റ് ഡിബേറ്റ് മത്സരവും മികച്ച നിയമ വിദ്യാർഥിക്കുള്ള ഡോക്ടർ എൻ.ആർ. മാധവമേനോൻ പുരസ്കാര വിതരണവും ചടങ്ങിൽ നടത്തുമെന്ന് സംഘടനാ സെക്രട്ടറി പി.പ്രേംനാഥ് അറിയിച്ചു..

വിശ്വാസിന്റെ നേതൃത്വത്തിൽ ഇ-നീതി കേന്ദ്ര, നീതി കിരണം, ഉച്ചയ്ക്ക് ഒരു ഊണ്, കോളജുകളിൽ വിശ്വാസ് സന്നദ്ധസേന ഗ്രൂപ്പുകൾ, പ്രളയത്തിൽ നാശനഷ്ടങ്ങൾ സംഭവിച്ചവർക്ക് ആവാസ് ഭവനപദ്ധതി എന്നിവ നടത്തിവരുന്നു.

കോവിഡ് കെയർ സെന്ററുകളിലേക്ക് സാമഗ്രികൾ, നിർധനരായ ഒട്ടേറെ കുടുംബങ്ങൾക്ക് അവശ്യ സാധനങ്ങൾ അടങ്ങിയ സൗജന്യ കിറ്റുകൾ, ഒട്ടേറെ വിദ്യാർഥികൾക്ക് പഠനാവശ്യത്തിനുള്ള ടെലിവിഷൻ, മൊബൈൽഫോണുകൾ, ജില്ലാ പോലീസ് സേനയ്ക്ക് മാസ്കുകൾ, ഫെയ്സ് ഷീൽഡുകൾ എന്നിവ വിതരണം ചെയ്യുന്നുണ്ട്. ഭരണഘടനാ ദിനം, അന്താരാഷ്ട്ര അഴിമതിവിരുദ്ധ ദിനം എന്നിവയോടനുബന്ധിച്ച് വിശ്വാസ് നടത്തിയ പദപ്രശ്ന മത്സരങ്ങളുടെ സമ്മാന വിതരണവും നടത്തും.